# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3216 — 11.12.2014-ൽ മറുപടിക്ക്**

**ആലപ്പുഴ ബൈപ്പാസ്**

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ്; | (എ) 1978 ൽ സ്ഥലമെടുപ്പ് നടപടി തുടങ്ങി സ്ഥലമേറ്റെടുക്കൽ തുടങ്ങി. സ്ഥലമേറ്റെടുക്കൽ 1983 ൽ പൂർത്തീകരിച്ചു. ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം 1990 ൽ ആരംഭിച്ചു. |
| (ബി) ബൈപ്പാസ് നിർമ്മാണം തടസ്സപ്പെടാൻ കാരണമെന്താണ്, വിശദമാക്കാമോ; | (ബി) പല ഘട്ടങ്ങളിലായാണ് പ്രവൃത്തി നടന്നത്. അതിൽ രണ്ട് ഘട്ടങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചു. മൂന്നാമത്തെ ഘട്ടം ആയ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുണ്ടായ കാലതാമസമാണ് ബൈപ്പാസിന്റെ നിർമ്മാണം തടസ്സപ്പെട്ടുവാൻ കാരണമായത്. |
| (സി) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ; | (സി) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ ലഭിച്ചു. എസ്റ്റിമേറ്റ് തുകയേക്കാൾ 31.92% അധിക നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നതിനാൽ ടെണ്ടർ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി ആലപ്പുഴ ബൈപ്പാസുമായി ബന്ധപ്പെടുത്തി എന്തെങ്കിലും ക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) ബൈപ്പാസ് നിർമ്മാണം പൂർത്തിയാകുന്നതോടെ ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് ഒരു പരിധി വരെ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ